സഹകരണ രജിസ്ട്രാറുടെ കീഴിലുള്ള സഹകരണ സംഘങ്ങൾ

88 (3242) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ എത്ര സഹകരണ സംഘങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) ഇവയിൽ ഏത് സംഘങ്ങൾക്കാണ് മാനേജിരിയൽ സബ്സിഡി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) സബ്സിഡി വാങ്ങിയ സംഘങ്ങളെല്ലാം പ്രവർത്തിക്കുന്നവയാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഇത്തരം പരിശോധനയിൽ പ്രവർത്തനരഹിതമായ സംഘങ്ങളെ കണ്ടെത്തിയിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഇത്തരം സംഘങ്ങൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ ആകെ 1664 സഹകരണ സംഘങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

ജില്ല	എണ്ണം
തിരുവനന്തപുരം	272
കൊല്ലം	126
പത്തനംതിട്ട	48
ആലപ്പുഴ	45

LIBRARY ARCHIVES Kerala Legislative Assembly

കോട്ടയം	78
ഇടുക്കി	57
എറണാകുളം	116
തൃശ്ശൂർ	143
പാലക്കാട്	107
മലപ്പുറം	121
കോഴിക്കോട്	210
വയനാട്	28
കണ്ണൂർ	193
കാസർഗോഡ്	94
ഒന്നിൽകൂടുതൽ ജില്ലകളിലേക്ക് സംസ്ഥാനം മുഴുവനായുള്ള പ്രവർത്തന പരിധിയായി രജിസ്റ്റർ ചെയ്ത സംഘങ്ങൾ	26
ആകെ	1664

(സി) ഇവയിൽ എറണാകുളം ജില്ലയിൽ രജിസ്റ്റർ ചെയ്ത 2 സംഘങ്ങൾക്ക് കാരണംജിരിയത്ത് സബ്സിഡി നൽകിയിട്ടുണ്ട്.

(ഡി) സബ്സിഡി വാങ്ങിയിട്ടുള്ള 2 സംഘങ്ങളും പ്രവർത്തിക്കുന്നവയാണ്.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly